ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഗവണ്മെൻറിന്റെ പരിഗണനയിൽ ഇപ്പോഴൊന്നുമില്ല. പത്രത്തിൽ നിന്നും വായിച്ചിട്ടുണ്ട്.

ശ്രീ. ബി. വി. സീതിതങ്ങൾ : പൊന്നാനിയിൽ ശുദ്ധജലവിതരണം നടത്തുന്നതിനുള്ള ഒരു പദ്ധതി കേന്ദ്രം അംഗീകരിച്ചിട്ടുണ്ട് എന്നു അറിയുന്നതു ശരിയാണോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: പൊന്നാനി ടൗണിലേക്കുവേണ്ട കുഴവൻ സപ്ലൈയും നടത്താനുള്ള ഒരു പദ്ധതിക്കുവേണ്ടി അതിലേക്കു പ്രത്യേകാനുവാദത്തിനുവേണ്ടി അപേക്ഷിച്ചിരിക്കുന്നു. അതു കിട്ടിക്കഴിഞ്ഞിട്ടുണ്ടെന്നാണെന്റെ ഓർമ്മ. അതു പ്രത്യേകമായി ചോദിച്ചാലേ മറുപടി പറയാൻ സാദ്ധ്യമാകൂ.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഈ രാജ്യത്തു കൊക്കൊലമായിട്ടു കുഴൽ കിണറുകൾ കുഴിപ്പിച്ചു വരുന്നുണ്ട്. എന്നാൽ അവിടെ ചില സ്ഥലങ്ങളിൽ ഇതുവരെ വെള്ളം കിട്ടിയിട്ടില്ല. ഉദാഹരണത്തിനു ഏറ്റുമാനൂരുള്ള ഒരു കുഴൽ കിണർ, പിന്നെ വെളിയനാട്. കുട്ടനാട് ഈ സ്ഥലങ്ങളിലെ കുഴൽ കിണറുകൾ, ഇങ്ങനെ പലയിടത്തും ഇതു പരാജയപ്പെട്ടന്നതായിട്ടാണു കാണുന്നതു് എന്നുള്ളതറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ചില പ്രദേശങ്ങളിലെല്ലാം കുഴൽ കിണറുകൾ കുഴിപ്പിച്ചു ശുദ്ധജലവിതരണം വിജയകരമായി നടത്തുന്നുണ്ട്. ചില സ്ഥലങ്ങളിൽ അതായതു്, നെട്ടൂടി, ചമ്പക്കുളം മുതലായ സ്ഥലങ്ങളിൽ കുഴൽ കിണർ വിജയിച്ചിട്ടുണ്ട് മൊത്തത്തിൽ ഇതു വിജയകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുമെന്നാണു് ഗവണ്മെൻറു പ്രതീക്ഷിക്കുന്നതു്.

ശ്രീ. എൻ. ഈ. ബലറാം : തലശേരിയിലും കണ്ണൂരിലും ശുദ്ധജല വിതരണം നടത്തുന്നതിനുള്ള അഞ്ചരക്കണ്ടിപദ്ധതി എന്നറിയപ്പെടുന്ന പദ്ധതി ഇപ്പോഴും നിറുത്തിവച്ചിരിക്കുകയാണു്. അതു വീണ്ടും തുടരാൻ ആലോചനയുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : നിറുത്തിവച്ചിട്ടില്ല. തലശ്ശേരി, മാഹി ഈ പ്രദേശങ്ങൾക്കു മൊത്തമായിട്ടുള്ള ഒരു സ്കീമായതുകൊണ്ടു് അതിനു വേണ്ടി കേന്ദ്രഗവണ്മെൻറിന്റെ അനുവാദംകൂടി കിട്ടാൻ അപേക്ഷിച്ചിട്ടുണ്ടു്. അനുവാദം കിട്ടുന്ന മുറയ്ക്കു അതു തുടർന്നു നടത്തുന്നതാണു്.

ശ്രീ. പി. സി. രാഘവൻ നായർ : അടിയന്തിരാവസ്ഥയുടെ പേരിൽ ശുദ്ധജലവിതരണപദ്ധതികൾക്കു യാതൊരു തടസവും ഉണ്ടാകുകയില്ലെന്നു പറഞ്ഞിരുന്നിട്ടും, കോഴിക്കോട്ടു പട്ടണത്തിലും പരിസരപ്രദേശങ്ങളിലും ശുദ്ധജല വിതരണത്തിനു് ഇതിനു മുൻപുതന്നെ എസ്റ്റിമേറു തയാറാക്കിയിട്ടുള്ളവർ ഹെഡ് ടാങ്കിന്റെ പണി പുരോഗമിക്കാതിരിക്കാൻ കാരണമെന്തു്

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അടിയന്തിരാവസ്ഥമൂലം ശുദ്ധജല വിതരണത്തിന്റെ പ്രവർത്തനം നിറുത്തിവച്ചിട്ടില്ല. കോഴിക്കോട്ടുപട്ടണത്തിലെ ശുദ്ധജലവിതരണപദ്ധതി നടപ്പാക്കുന്നതിനു മുൻപു് ഒരു ഇൻറിം സ്കീമുണ്ടു്; ഇപ്പോഴും അതു പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്, അധികം താമസിയാതെ പൂർത്തിയാകുന്നതാണു്.

പാലം പണി.

* 11 (7) ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 1963 ആഗസ്റ്റുമാസത്തിനുശേഷം നവംബർ 30-ാംതീയതി വരെയുള്ള കാലയളവിൽ ഏതെങ്കിലും മേജർപാലം പണിയുന്നതിനുള്ള കല്പന പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) കുന്നത്തൂർ പാലം ഏറെനാൾ പണിമുടങ്ങിക്കിടന്നിരുന്നതിന്റെ ശേഷം വീണ്ടും പണി തുടങ്ങിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ആരാണു് ഇപ്പോഴത്തെ കൺട്രാക്ടർ;

(ഡി) എന്നത്തേയ്ക്കു കുന്നത്തൂർ പാലത്തിന്റെ പണി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കാം?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) മെസ്സേഴ്സു് അസോസിയേറ്റഡു് ഇൻഡസ്ട്രീസു് (പ്രൈവറ്റ്) ലിമിറ്റഡു്, കൊല്ലം.

(ഡി) 1965 മാർച്ചു മാസത്തിൽ പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

ശ്രീ. പി. സി. ആദിച്ചൻ: ആദ്യത്തെ എസ്റ്റിമേറ്റനുസരിച്ചാണോ കൂടുതൽ തുകയ്ക്കാണോ ഇതിന്റെ കൺട്രാക്റ്റു കൊടുത്തിരിക്കുന്നതു്?

ശ്രീ. പി. പി. ഉമ്മർകോയ: 1951–52 ലെ ഷെഡ്യൂൾ അനുസരിച്ചു് തയ്യാറാക്കി നേരത്തെ ഏർപ്പാടുചെയ്ത വർക്കാണിതു്. അതിന്റെ കൺട്രാക്ടർ മരിച്ചുപോയി. അതിനുശേഷം, പുതുതായി ടെണ്ടർ വിളിച്ചുവെങ്കിലും ആരും ടെണ്ടർ നൽകിയില്ല. ഇപ്പോൾ കൊട്ടേഷൻ വിളിച്ചു് വർക്കു് ഏർപ്പാടു ചെയ്തിരിക്കയാണു്.

ശ്രീ. കെ. ആർ. വിജയൻ: സെൻട്രൽ റോഡു് ഫണ്ടു് ഉപയോഗിച്ചു പണിയാൻ ഉദ്ദേശിച്ചിരുന്ന പാലങ്ങളുടെ പണി, ഏതെങ്കിലും തടസ്സംകൊണ്ടു പുരോഗമിക്കാതെയുണ്ടോ?

ശ്രീ. പി. പി. ഉമ്മർകോയ: സെൻട്രൽ റോഡു് ഫണ്ടിനു് സെൻട്രൽ ഗവണ്മെൻറിന്റെ സാങ്ഷൻ കിട്ടണം. സാങ്ഷൻ കിട്ടിയാൽ അതു സംബന്ധിച്ചു് പ്രവൃത്തി നടത്തും.

ശ്രീ. ആർ. സുഗതൻ : കരുവാറ്റാ മംകുഴി പാലത്തിന്റെ കൺട്രാക്റ്റർക്കു് നിരതദ്രവ്യം മടക്കിക്കൊടുത്തു. മൂന്നുകൊല്ലമായി അതിന്റെ പണി മുടങ്ങിക്കിടക്കുകയാണു്. വേറെ കൺട്രാക്റ്റു കൊടുത്തു് അതിന്റെ പണി പൂർത്തിയാക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ: അതിന്റെ പ്രവൃത്തി നടത്താൻ ഏർപ്പാടു ചെയ്തിരിക്കുകയാണു്.

ശ്രീ. കെ. കൃഷ്ണപിള്ള: ആദ്യത്തെ കൺട്രാക്റ്റു് ക്യാൻസൽചെയ്തു രണ്ടാമതു് ചുമതല ഏല്പിച്ചു എന്നു പറഞ്ഞു, കൃത്യസമയത്തു ജോലി തീർക്കാതെ രണ്ടാമതു കൺട്രാക്റ്റു് ഏല്പിച്ചതുമൂലം വല്ല നഷ്ടവും ഉണ്ടായിട്ടുണ്ടെങ്കിൽ അതു ആദ്യത്തെ ആളിൽനിന്നു് ഈടാക്കാൻ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ.പി.പി. ഉമ്മർകോയ: ആദ്യത്തെ കൺട്രാക്റ്റർ മരിച്ചുപോയി എന്നാണു് പറഞ്ഞതു്.

ശ്രീമതി കെ. ആർ. ഗൗരി: നാഷനൽ ഹൈവേയിൽ യാത്രചെയ്യാൻ അപകടകരമായി നിൽക്കുന്ന ഏതെങ്കിലും പാലം പുതുക്കിപ്പണിയുന്നതിനോ, വേറെ പാലം പണിയുന്നതിനോ സെൻട്രൽ ഗവണ്മെൻറിനോടു് അനുവാദം ആവശ്യപ്പെട്ടിട്ടു് കിട്ടാതെയുണ്ടോ?

ശ്രീ. പി. പി. ഉമ്മർകോയ: പുതുതായി ചില പാലങ്ങളുടെ പണിക്കു് അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടു്. കുമാലി, ചാലക്കുടി എന്നീ രണ്ടു പാലങ്ങളുടെ വർക്കു മൂന്നാം പദ്ധതിക്കാലത്തു തുടങ്ങാൻ അനുവാദത്തിനായി കേന്ദ്ര ഗവണ്മെൻറിനോടപേക്ഷിച്ചിട്ടുണ്ടു്. അവസാന തീരുമാനം ആയിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി: ചേത്തല മുൻസിഫു് കോടതിയുടെ പടിഞ്ഞാറുവശത്തുള്ള പാലം, ഒന്നോ രണ്ടോ മാസത്തിനകം താഴെ പതിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

മട്ടിൽ നിൽക്കുകയാണു്. ബസ്സും കാറും സഞ്ചരിക്കുന്നതിനു പറ്റിയ നിലയിലല്ല ഇപ്പോഴും അതു നിൽക്കുന്നതു്. അതു പുതുക്കിപ്പണിയുന്നതിൻള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ: അത്രമാത്രം അപകടകരമായ സ്ഥിതിയിലാണു് എന്നറിയില്ല. അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. ഫസ്സൽഗനി: തെക്കേ മലബാറിൽ, ആനക്കയം, പന്തലൂർ പാലങ്ങളം പണിയുന്നതിനുള്ള ടെണ്ടർ വിളിച്ചിട്ടും പണി സ്റ്റേ ചെയ്തിരിക്കുകയാണു്. ആ സ്റ്റേ പിൻവലിച്ചിട്ടു് പണി പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ: ധന ദൌർലഭ്യം കാരണം പല പണികളും മാറ്റിവച്ചിട്ടുണ്ടു്. ധനസ്ഥിതി അനുസരിച്ചു് ചില പണികളം ഏർപ്പാടു ചെയ്യുന്നതാണു്.

ലാൻറു് ടൈബ്യൂണലുകളം

* 12 (8) ശ്രീ. കെ. ആർ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാൻഡ് റിഫോംസ് ആക്റ്റു് നടപ്പിലാക്കാൻ എത്ര ടൈബ്യൂണലുകളം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്:

(ബി) ഓരോ താലൂക്കിനും ഓരോ ടൈബ്യൂണലുകളം വീതം സ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ;

(സി) മുൻനിയമം നടപ്പാക്കിയിരുന്ന സമയം രണ്ടും മൂന്നും താലൂക്കുകൾക്കു് ഒരു (Itinerant) സഞ്ചരിക്കുന്ന ടൈബ്യൂണലുകൊണ്ടു് കൃഷികാര്യങ്ങളുണ്ടായിട്ടുള്ള ബുദ്ധിമുട്ടു് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) : (എ, ബി) അതിനെപ്പറ്റി ഗവണ്മെൻറു് അവസാന തീരുമാനം എടുത്തിട്ടില്ല.

(സി) അങ്ങനെയുള്ള ബുദ്ധിമുട്ടുകളം അനുഭവപ്പെട്ടിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടില്ല.

ശ്രീ. കെ. ആർ. വിജയൻ: 'റിക്കാർഡ്സ് ആഫ് റൈറ്റ്സ്' മുതലായ പുതിയ ജോലികളം ടൈബ്യൂണലുകൾക്കുള്ളതിനാൽ, കൂടുതൽ ടൈബ്യൂണലുകളം ആവശ്യമുണ്ടെന്നു് ഗവണ്മെൻറിനു് ബോധ്യമായിട്ടുണ്ടോ?

ശ്രീ. പി. ടി. ചാക്കോ: ഈ പറഞ്ഞ കാര്യംകൊണ്ടും, ദേവസ്വങ്ങളുടെ ആനവിറ്റി നിശ്ചയിക്കാൻ കാലതാമസം വരാതിരിക്കാനും ഒരുപക്ഷേ കൂടുതൽ ടിബ്യൂണലുകളം ആവശ്യമായി വന്നേക്കാം. എത്ര ടൈബ്യൂണലിനെ നിയമിക്കണമെന്ന കൃത്യമായി തീരുമാനിച്ചിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : കുടിയാൻ കുടികിടപ്പുകാർ സംരക്ഷണ നിയമപ്രകാരം, 6–ാം വകുപ്പനുസരിച്ചു് നിശ്ചിത സമയത്തു് പാട്ടബാക്കി കൊട്ടിവയ്ക്കാത്തവർക്കു്, ഭൂപരിഷ്കരണനിയമത്തിലെ 73–ാം വകുപ്പു് അനുസരിച്ചു് കൊടുത്തു തീർക്കാനുള്ള വ്യവസ്ഥയുണ്ടു്. എന്നാൽ ആ നിയമം നടപ്പാക്കാൻ താമസം നേരിടുന്നതുകൊണ്ടു് അങ്ങനെയുള്ളവർക്കു ഈ ആനുകൂല്യം നഷ്ടപ്പെട്ടുപോകുമെന്നുള്ളതിനാൽ ഉടനെ ആ വകുപ്പു നടപ്പാക്കുകയോ, അല്ലെങ്കിൽ അവർക്കു് അതിൻെറ ഗുണം കിട്ടാൻ എന്തെങ്കിലും നടപടി എടുക്കുകയോ ചെയ്യുമോ ?

ശ്രീ. പി. ടി. ചാക്കോ : ആ നിയമം ഉർജ്ജിതത്തിൽ കൊണ്ടുവരുന്നതിനു വളരെ കാലതാമസം ഇനി ഉണ്ടാകുകയില്ല. പ്രധാനമായി ഇപ്പോഴം കാലതാമസം വേണ്ടിവന്നതു്, അതിലേക്കു് ടൈബ്യൂണലിനെ നിയമിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly